പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2282

26.3.2013 ൽ
മറുപടിയ്ക്ക്

## ഐ.റ്റി. മേഖലയിൽ പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ ; | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|
| എ) ഐ.റ്റി. മേഖലയിൽ ഈ സർക്കാർ എത്ര സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നു വ്യക്തമാക്കുമോ ; ആരംഭിച്ച സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകിയെന്നു വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ടെക്നോപാർക്കിന്റെ കീഴിൽ പുതുതായി 63 കമ്പനികളിലായി 3020 തൊഴിലവസരങ്ങളും ഇൻഫോപാർക്കിന് കീഴിൽ പുതുതായി ആലപ്പുഴ ജില്ലയിൽ 5, എറണാകുളം ജില്ലയിൽ 41, തൃശ്ശൂർ ജില്ലയിൽ 7 എന്നിങ്ങനെ 53 കമ്പനികൾ സ്ഥാപിക്കപ്പെട്ടതിലൂടെ 4500 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| ബി) ആലപ്പുഴ ജില്ലയിൽ ഐ.റ്റി. മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്നും, അവയിലൂടെ ജില്ലയിൽ പുതിയ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും വിശദമാക്കുമോ ; | ബി) ഐ.ടി. മേഖലയിൽ ആലപ്പുഴ ജില്ലയിൽ ചേർത്തലയിലെ ഇൻഫോപാർക്കിൽ പുതുതായി ആരംഭിച്ച 5 സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. Betron Infosystems<br>2. Claysys Technologies<br>3. Webna Web Solutions<br>4. Touchcell Connect Pvt. Ltd.<br>5. Path Solutions.<br>ഈ സ്ഥാപനങ്ങളിലൂടെ ഏകദേശം 150 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| സി) ചേർത്തല ഇൻഫോപാർക്കിൽ ഈ സർക്കാർ ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | സി) ചേർത്തല ഇൻഫോപാർക്കിൽ സർക്കാർ തലത്തിൽ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ